(ഇ) എങ്കിൽ ഇക്കാര്യത്തിൽ റെയിൽവേ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കാലപ്പഴക്കംകൊണ്ട് അപകടകരമായ റെയിൽവേ മേൽപ്പാലങ്ങൾ പുനർനിർമ്മിക്കുന്ന കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തി പുനർനിർമ്മാണ പ്രവൃത്തികൾ നടത്താറുണ്ട്.

(ബി) 2001-2002-ൽ 2.47 കോടി രൂപയും 2002-2003-ൽ 2 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

റോഡുകൾ സ്വകാര്യ ടെലിഫോൺ കമ്പനികൾ വെട്ടിക്കുഴിച്ച് നശിപ്പിക്കുന്ന നടപടി

42 (1352) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ സ്വകാര്യ ടെലിഫോൺ കമ്പനികൾ വെട്ടിക്കുഴിച്ച് നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ റോഡുകൾ കുഴിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് സ്വകാര്യ കമ്പനികളിൽനിന്നും തുക ഈടാക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ മാനദണ്ഡം വിശദീകരിക്കുമോ ;

(ഡി) ഇത്തരത്തിൽ ഏതൊക്കെ കമ്പനികൾ എത്ര രൂപ വീതം സർക്കാരിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിവരവിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വകാര്യ ടെലികോം ലൈസൻസികൾ, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവർക്ക് കുത്തകാവകാശമില്ലാതെ വ്യവസ്ഥകൾക്ക് വിധേയമായി പാതവാടക ഈടാക്കാതെ സംസ്ഥാനത്തെ റോഡ് ശൃംഖലകളിൽ കൂടി ഒപ്ടിക്ക് ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. മീറ്ററിന് 25 രൂപ എന്ന നിരക്കിൽ ബാങ്ക് ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലും,

LIBRARY ARCHIVES Kerala Legislative Assembly

ഒപ്പിക്ക് ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി കുഴികൾ സ്ഥാപിച്ചതിന് ശേഷം പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റാൻഡേർഡ് അനുസരിച്ച് പൂർവ്വസ്ഥിതിയിലാക്കി നൽകണമെന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലുമാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ബാങ്ക് ഗ്യാരണ്ടി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.

(ഡി) കേരള കമ്മ്യൂണിക്കേഷൻ നെറ്റുവർക്ക് 6,70,40,050 രൂപയുടെയും, ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് 1,58,75,000 രൂപയുടെയും, ഭാരതി ടെലിസോണിക്സ് 2,29,30,000 രൂപയുടെയും, വിദേശ് സഞ്ചാർ നിഗം ലിമിറ്റഡ് (വി.എസ്.എൻ.എൽ.) 2,34,85,825 രൂപയുടേയും ബാങ്ക് ഗ്യാരണ്ടികൾ സർക്കാരിന് നൽകിയിട്ടുണ്ട്.

തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

43 (1353) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പിൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ഏത് കരാറുകാരനാണ് കരാർ എടുത്തതെന്നും എപ്പോൾ പണി ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പണി തുടങ്ങുന്നതിലേയ്ക്കായി സൈറ്റ് 10-6-2003-ൽ ബന്ധപ്പെട്ട കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) കണ്ണൂരിലെ മെസ്സേഴ്സ്, പ്രൈം ഹാബിറ്റാറ്റ് എന്ന സ്ഥാപനമാണ് കരാർ എടുത്തിട്ടുള്ളത്. പണി ഉടൻ ആരംഭിക്കുന്നതാണ്.

പട്ടാമ്പി ടി. ബി.യുടെ വികസനം

44 (1354) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടീഷുകാരുടെ കാലത്ത് പണിത പട്ടാമ്പി ടി.ബിയിൽ രണ്ട് റൂമുകളല്ലാതെ ഇത്രയും കാലത്തിനുള്ളിൽ ഒരു വികസനവും ഇവിടെ നടന്നിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടാമ്പി ടി.ബിയിൽ സർക്കാർ നേരിട്ടോ ബി.ഒ.ടി. അടിസ്ഥാനത്തിലോ പുതിയ റൂമുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly